LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി ഫാക്ടറികളുടെയും തൊഴിലാളികളുടെയും എണ്ണം

25 [509] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര രജിസ്റ്റേർഡ് കശുവണ്ടി ഫാക്ടറികൾ ഉണ്ട്:

(ബി) ഇവയിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(സി) എത്ര തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ചേർത്തിട്ടുണ്ട്.

(ഡി) എത്ര തൊഴിലാളികളെയാണ് പ്രോവിഡന്റ് ഫണ്ട് സ്കീമിലും ആശ്വാസ തൊഴിലാളി ക്ഷേമനിധി ബോർഡിലും അംഗങ്ങളാക്കിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന 714 ഫാക്ടറികൾ [സെക്ഷൻ 2 (എം) പ്രകാരം 542-ഉം സെക്ഷൻ 85 പ്രകാരം 172-ഉം] ഉണ്ട്.

(ബി) പണിയെടുക്കുന്ന തൊഴിലാളികളുടെ കൃത്യമായ എണ്ണം ശേഖരിച്ചു നല്കുന്നതാണ്.

(സി ആന്റ് ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

26 [512] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിൽ കീടനാശിനികൾ തളിക്കുവാൻ നിയോഗിക്കപ്പെടുന്ന തൊഴിലാളികൾക്കിടയിൽ ക്യാൻസർ രോഗം പിടിപെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര തൊഴിലാളികളാണ് ഈ രോഗത്തിന് അടിമപ്പെട്ട് ചികിൽസയിൽ കഴിയുന്നതെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് ബന്ധപ്പെട്ട വെൽഫെയർ ഫണ്ടുകളിൽനിന്നും ചികിൽസാ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ലേബർ വെൽഫെയർ ഫണ്ട് അംഗങ്ങളായ തോട്ടം തൊഴിലാളികൾക്ക് ഗുരുതരമായ രോഗം പിടിപ്പെട്ടാൽ രോഗത്തിന്റെ സ്വഭാവമനുസരിച്ച് 1000 രൂപ മുതൽ 10,000 രൂപ വരെ ചികിത്സാ ധനസഹായമായി നൽകുന്നുണ്ട്.

ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

27 [514] ശ്രീ. സി. പി. മുഹമ്മദ്:
" എൻ. ഡി. അപ്പച്ചൻ:
" പ്രൊഫ. ഗോപാലകൃഷ്ണൻ:
" എം. എ. ചന്ദ്രശേഖരൻ:
" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ. എസ്. ഐ. ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫിന്റെ ചെലവ് ഇ. എസ്. ഐ. കോർപ്പറേഷൻ വഹിക്കുന്നുണ്ടോ;

(സി) എങ്കിൽ മുഴുവൻ ചെലവുകളും കോർപ്പറേഷനാണോ വഹിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 13 ഇ. എസ്. ഐ. ആശുപത്രികളുണ്ട്.

(ബി ആന്റ് സി) കൊല്ലം ആശ്രമത്തുള്ള ഇ. എസ്. ഐ. മോഡൽ ആശുപത്രിയിലെ സ്റ്റാഫിന്റെ ചെലവ് മുഴുവൻ കോർപ്പറേഷനാണ് വഹിക്കുന്നത്. മറ്റു 12 ഇ. എസ്. ഐ. ആശുപത്രികൾ ഉൾപ്പെടെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സ്റ്റാഫിന്റെ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഇ. എസ്. ഐ. പദ്ധതി നടപ്പിലാക്കാൻ നടപടി

28 [515] ശ്രീ. എ. എ. അസീസ്:
" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ബാധകമാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കി തൊഴിലാളികൾക്ക് വൈദ്യസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly